## തദ്ദേശ സ്വയംഭരണ വകുപ്പ്

## ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം

## ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. ജോൺസൺ കെ)

വിഷയം : തദ്ദേശ സാങ്കേതിക വിഭാഗം ജീവനക്കാര്യം –സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ(കൈ) നം. 301/68/PD തീയതി 26.09.1968
2) സ.ഉ(പി) നം. 34/2002/P&ARD തീയതി 09.07.2002
3) സ.ഉ(കൈ) നം. 4/2012/P&ARD തീയതി 23.08.2012
4) സ.ഉ(കൈ) നം. 8/2013/P&ARD തീയതി 05.04.2013
5) കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 02.12.2021 തീയതിയിലെ എ1-684/2017 നമ്പർ കത്ത്.

## ഉത്തരവ് നം . എ1-5740/2016/സിഇ/തദ്ദേശ തീയതി 02/03/2022

മേൽ പരാമർശം (1), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ 5 വർഷ സേവനവും, സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹമായ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ച യു.ഡി ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, സ്റ്റെനോഗ്രാഫർ (CA) എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക്, ഈ വകുപ്പിൽ നിലവിൽ വരുന്ന സീനിയർ ക്ലർക്ക് തസ്തികയിലെ ഓരോ ആറാമത്തെ റെഗുലർ ഒഴിവിലേയ്ക്ക്, ടൈപ്പിസ്റ്റ് തസ്തികയിലെ മുൻഗണനാക്രമത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കാവുന്നതാണ്.

ഇത്തരത്തിൽ തസ്തികമാറ്റം ലഭിക്കുന്നതിന് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ തോമസ് എം ടി പരാമർശം (5) പ്രകാരം ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ടി ജീവനക്കാരൻ ടൈപ്പിസ്റ്റ് തസ്തികയിൽ അഞ്ച് വർഷ സേവനകാലയളവ് പൂർത്തീകരിക്കുകയും സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് ആവശ്യമായ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി ജീവനക്കാരന് സീനിയർ ക്ലർക്ക് തസ്തികയിൽ ചുവടെ പറയും പ്രകാരം തസ്തികമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു

| ക്രമ നം. | പേര് | നിലവിൽ ജോലിചെയ്യുന്ന കാര്യാലയം | തസ്തികമാറ്റം അനുവദിച്ച് നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീ തോമസ് എം ടി (471150)<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | അസി.എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശ സബ്ഡിവിഷൻ തളിപ്പറമ്പ്,<br>കണ്ണൂർ | അസി.എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശ സെക്ഷൻ പൂതാടി<br>ഗ്രാമപഞ്ചായത്ത്<br>പനമരം സബ്ബ് ഡിവിഷൻ വയനാട് |

ബന്ധപ്പെട്ട നിയന്ത്രണാധികാരി / ഓഫീസ് മേധാവി ടി ജീവനക്കാരനെ വിടുതൽ ചെയ്യേണ്ടതും, നിയമിക്കപ്പെട്ട ഓഫീസുകളിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

**ചീഫ് എഞ്ചിനീയർ**

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

പകർപ്പ് :
1) പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം
2) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ, ഉത്തരമേഖല കോഴിക്കോട്
4) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, കണ്ണൂർ, വയനാട്
5) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ് ഡിവിഷൻ, തളിപ്പറമ്പ്, പനമരം
6) സീനിയോരിറ്റി സെൽ, തസ്വഭവ ചീഫ് എഞ്ചിനീയറുടെ കാര്യാലയം
7) എ1/കരുതൽ / സ്റ്റോക്ക് ഫയൽ